മാതൃഭൂമി
Mathrubhumi Seed
Student Empowerment for Environmental Development
In partnership with FEDERAL BANK
പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ



# മറക്കരുത് ഈ കണ്ണീർ

മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

Mathrubhumi SEED
Digital Nature Magazine
Leaf - 35 August 2024



# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ
Page 4

കാട്ടിലെക്കാര്യം
Page 5

കേരളം അറിയാൻ
Page 6

ചിറകുള്ള ചങ്ങാതിമാർ
Page 7

ഈ ഫോട്ടോ കാണാം
Page 8

കൃഷിക്കാര്യം
Page 9

സിനിമാപാട്ടിലെ പ്രകൃതി
Page 10

ഇത് അതിശയം തന്നെ
Page 11

തെറ്റ് ശരി
Page 12

ലോകം എങ്ങനെ
Page 13

പൂവറിവ്
Page 14

വർണച്ചിറക്
Page 15-16


Cover photo: Shameer Machingal



ഇനി
അടർന്നു
വീഴാതിരിക്കട്ടെ
ഒരു
കണ്ണീർക്കണം
കൂടി!



വയനാട്ടിലെ
പ്രകൃതിദുരന്തത്തിൽ
ജീവൻ പൊലിഞ്ഞവർക്ക്
പ്രണാമം!

എഡിറ്റോറിയൽ



# മണ്ണിലെ കണ്ണീർ

പശ്ചിമഘട്ടമലനിരകളിലെ പുഞ്ചിരിമട്ടത്തുനിന്ന് നിലവിട്ട് ഒഴുകിയെത്തി, വെള്ളവും പാറയും മരങ്ങളും മണ്ണും ചെളിയുമെല്ലാം. കുത്തിയൊലിച്ചുപോയ വഴികളിലെ നഷ്ടങ്ങൾ നികത്താനാവാത്തതാണ്. നിരവധി മനുഷ്യരുടെ സ്വപ്നങ്ങളും പ്രതീക്ഷകളും കണക്കുകൾപോലും ബാക്കിവയ്ക്കാതെ ഒഴുകിപ്പോയി. സമുദ്രനിരപ്പിൽനിന്ന് രണ്ടായിരത്തോളം മീറ്റർ ഉയരത്തിലുള്ള കുന്നിൻചരിവിൽ തുടർച്ചയായി പെയ്ത മഴയാണ് ദുരന്തകാരണം. ഓരോ സ്ഥലത്തും എത്ര മഴപെയ്യുന്നുവെന്ന് നമ്മൾ അറിയേണ്ടിയിരിക്കുന്നു. എങ്കിൽ മലയിടിച്ചിലും വെള്ളപ്പൊക്കവുമൊക്കെ നമുക്ക് നേരത്തേ അറിയാനാവും. മുൻകരുതലുകൾക്ക് സമയവും ലഭിക്കും. അങ്ങനെ പ്രകൃതിദുരന്തങ്ങളുടെ ആഘാതം കുറയ്ക്കാം. ഓരോ ദുരന്തത്തിനുശേഷവും നമ്മൾ സ്വീകരിക്കുന്ന ജാഗ്രതയും സഹായമനസ്ഥിതിയുമൊക്കെ വളരെ മികച്ചതാണ്. എന്നാൽ കേരളംപോലെ ജനസാന്ദ്രത അധികമുള്ള പ്രദേശത്ത് കാലാവസ്ഥയെക്കുറിച്ചുള്ള മുൻകരുതൽ എപ്പോഴും ഉണ്ടാവണം. അതുണ്ടായാൽ പ്രകൃതിദുരന്തങ്ങളുടെ ആഘാതവും ജീവനാശവും കുറയും.

# കാട് ഒരുറപ്പാണ്!



മലയോരമേഖലയിലെ ജനങ്ങൾ നേരിടുന്ന ഭൗമഭീഷണിയാണ് ഉരുൾപൊട്ടൽ. മണ്ണും പാറയും ചെളിയും വേരറ്റുപോകുന്ന മരങ്ങളും വലിയതോതിൽ വെള്ളത്തോടൊപ്പം ഒഴുകിവരും. ഫ്ളോ, സ്ലൈഡ്, ഫോൾ എന്നിങ്ങനെ മൂന്നുതരത്തിലാണ് പ്രധാനമായും ഉരുൾപൊട്ടലുണ്ടാകുന്നത്. ഒരു ചരിവിന്റെ മുകളിൽനിന്ന് വസ്തുക്കൾ ഒന്നാകെ താഴേക്ക് ഒഴുകുന്ന അവസ്ഥയാണ് ഒന്നാമത്തേത്. ഇത് മണ്ണ് മാത്രമാണെങ്കിൽ എർത്ത് ഫ്ളോ എന്നും മറ്റ് വസ്തുക്കളുംകൂടി ഒഴുകുന്നുണ്ടെങ്കിൽ ഡെബ്റിസ് ഫ്ളോ എന്നും പറയുന്നു. ഒരു പ്രതലത്തിലൂടെ താഴോട്ട് തെന്നിനീങ്ങുന്ന രീതിയാണെങ്കിൽ സ്ലൈഡ് എന്നാണ് പേര്. പാറകളും മറ്റും ഉയരത്തിൽനിന്ന് താഴേക്ക് വീഴുന്ന പ്രക്രിയയെ ഫോൾ എന്ന് പറയുന്നു. മണ്ണിടിച്ചിൽ ഉണ്ടാകാനിടയുള്ള പ്രദേശങ്ങൾ ഹസാഡ് മാപ്പിങ്ങിലൂടെ ശാസ്ത്രീയമായി തിരിച്ചറിയാൻകഴിയും. അപകടസാധ്യതാപ്രദേശങ്ങളിൽ വനവത്കരണപരിപാടികൾ നടത്തണം. ഉരുൾപൊട്ടൽപ്രദേശങ്ങളിലെ നിർമാണങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുകയും നിലവിലുള്ളവയിൽ സുരക്ഷിതമായവ സംരക്ഷിക്കുകയും ചെയ്യണം. പാറഖനനം, മണ്ണെടുപ്പ് എന്നിവ ശാസ്ത്രീയപഠനത്തിനുശേഷംമാത്രമേ അനുവദിക്കാവൂ. പ്രകൃതിയിൽ മനുഷ്യന്റെ അമിതമായ ഇടപെടൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതാണെന്ന് മറക്കരുത്.

ദേവാഞ്ജന ആർ.
വി.വി.എച്ച്.എസ്.എസ്. താമരക്കുളം
ചാരുമൂട്, ആലപ്പുഴ

# ജാഗ്രതയോടെ കാണണം കാലാവസ്ഥാമാറ്റത്തെ

അടുത്തകാലത്തായി കേരളം നേരിട്ട ഏറ്റവും വലിയ ദുരന്തങ്ങൾക്ക് കാരണമായത് കാലാവസ്ഥാവ്യതിയാനത്തിന്റെ ആഘാതങ്ങളാണ്. കേരളത്തിന്റെ ഭൂപ്രദേശത്തിന്റെ 75 ശതമാനവും വെള്ളപ്പൊക്കസാധ്യതയുള്ള മേഖലയാണ്. ഉരുൾപൊട്ടൽസാധ്യതയുള്ള മലയോരമേഖലകളും അധികമാണ്. രണ്ടോ മൂന്നോ ദിവസങ്ങൾകൊണ്ടോ മണിക്കൂറുകൾക്കുള്ളിൽതന്നെയോ വലിയ അളവിൽ മഴ പെയ്യുന്ന സാഹചര്യങ്ങൾ വർധിച്ചുവരുകയാണ്. ഇത്തരം അനുഭവങ്ങളെ ശരിയായി വിലയിരുത്തി നാം ഉണർന്നുപ്രവർത്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. കൃഷിയിടം, തോട് തുടങ്ങിയവയുടെ സ്വാഭാവിക അവസ്ഥകൾക്ക് മാറ്റംവരുത്തുമ്പോഴും വീട്, റോഡ് മറ്റ് കെട്ടിടങ്ങൾ എന്നിവ നിർമിക്കുമ്പോഴും ഭാവിയിൽ വരാൻപോകുന്ന കാലാവസ്ഥാമാറ്റങ്ങളെ വിലയിരുത്തണം.



റോസ്മേരി സണ്ണി, അധ്യാപിക
ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂൾ
മുട്ടം, ഇടുക്കി



# നമ്മുടെ ദേശീയപക്ഷി
# മയിൽ

**ഭൂ**മിയിലെ ഏറ്റവും മനോഹരമായ പക്ഷികളിലൊന്നായ മയിൽ നമ്മുടെ ദേശീയപക്ഷിയുമാണ്. മയിലുകളെ പൊതുവേ ഇന്ത്യയിലും ആഫ്രിക്കയിലുമാണ് കണ്ടുവരുന്നത്. ഞങ്ങളുടെ വീട്ടിൽ വിരുന്നുകാരെപ്പോലെ ഇവ വവരാറുണ്ട്. ചിലപ്പോൾ മക്കളും ഉണ്ടാവും! മയിലുകൾ മക്കളുമൊത്ത് നമ്മുടെ ചുറ്റുപാടുകളിൽ നടക്കുന്നത് രസകരമായ കാഴ്ചയാണ്. വിശാലമായ ശരീരവും നീളമുള്ള നേർത്ത കഴുത്തും ചെറിയ കൊക്കും കണ്ണുകൾക്ക് ചുറ്റും വെളുത്ത പാടുകളും ഒക്കെ മനോഹരമാണ്. ആൺമയിലിന്റെ തലയിൽ പൂവുണ്ട്. ആൺമയിൽ പീലിവിരിച്ച് ആടുന്നത് വിവരിക്കാനാവാത്ത കാഴ്ചതന്നെ. ധാന്യങ്ങൾ, പഴങ്ങൾ, ചെറിയ ജീവികൾ, ഉരഗങ്ങൾ എന്നിവയാണ് മയിലുകളുടെ ഭക്ഷണം. രാവിലെയും വൈകുന്നേരവും ആണ് പ്രധാനമായും ഇരതേടൽ. ഉച്ചയ്ക്കും രാത്രിയും മരച്ചില്ലകളിൽ വിശ്രമിക്കുകയാണ് പതിവ്. സൂക്ഷ്മമായ കാഴ്ച ശക്തിയും ഇവയ്ക്കുണ്ട്. ഇന്ത്യൻ വന്യജീവിസംരക്ഷണ നിയമപ്രകാരം സംരക്ഷണമുള്ള ജീവിയാണ് മയിൽ.

അവനീഷ്
ജി.യു.പി.എസ്. ചെങ്ങര
മലപ്പുറം

ഈ ഫോട്ടോ കാണാം

# കടുവശലഭം



ജൊവാൻ മേരി എൻ.ജെ.
സേക്രഡ് ഹാർട്സ് ജി.എച്ച്.എസ്.എസ്.
തൃശ്ശൂർ





കൃഷിക്കാര്യം

# എളുപ്പമാണ് വെർട്ടിക്കൽ ഫാമിങ്

പരിമിതമായ സ്ഥലമുള്ളവർക്ക് ലംബക്കൃഷി അഥവാ വെർട്ടിക്കൽ ഫാമിങ് രീതി പിന്തുടരാവുന്നതാണ്. തക്കാളി, വഴുതന, ചീര, വെണ്ട തുടങ്ങിയ പച്ചക്കറികൾ ഈ രീതിയിൽ ഉത്പാദിപ്പിക്കാം. തിരിനനവഴിയാണ് ജലസേചനം നടത്തുന്നത്. ഇങ്ങനെ ജലോപയോഗവും സ്ഥലോപയോഗവും കുറച്ച് സൗകര്യപ്രദമായി ചെയ്യാൻകഴിയുന്ന കൃഷിരീതിയാണിത്. എന്നാൽ ഈ രീതിക്ക് കേരളത്തിൽ വ്യാപകമായ പ്രചാരം ലഭിച്ചിട്ടില്ല.

നടാഷ സിജോ
സെന്റ് അഗസ്റ്റിൻസ് ഗേൾസ് H.S.S.
കോതമംഗലം, എറണാകുളം

# പള്ളിത്തേരേറിവന്ന സൗന്ദര്യം

"പള്ളിത്തേരുണ്ടോ ചതുരംഗക്കളമുണ്ടോ
ആമ്പൽക്കുളമുണ്ടോ തിരുതാളിക്കല്ലുണ്ടോ
താളത്തിൽ പൂപ്പടകൂട്ടാനായ്
കന്യകമാരായിരമുണ്ടോ..."

കേരളപ്രകൃതിയുടെ നിറസൗന്ദര്യം വ്യക്തമാക്കുന്ന പല സൂചനകളും സമഞ്ജസമായി സന്നിവേശിപ്പിച്ച വരികളാണ് ഈ ഗാനത്തിലെത്. പള്ളിത്തേരിലേറിയെത്തുന്ന പകലവന്റെ ചതുരംഗക്കളിയിൽ പ്രകൃതിയിലെ വർണചാരുത അനിർവചനീയമായിരിക്കുന്നു. ആമ്പൽക്കുളവും തിരുതാളിയും കുളപ്പടവും ഓണക്കാലത്തിന്റെ ധാരാളിത്തമായ വിവിധയിനം പൂവുകളും ചേർന്ന കേരളപ്രകൃതി എത്ര മനോഹരമെന്ന് പറയേണ്ടതില്ല. കേരളീയപാരമ്പര്യത്തെയും നന്മകളെയും ഓർമിപ്പിക്കുന്ന വരികളാണിവ.

ഗാനരചന: കൈതപ്രം
സംഗീതം: ജോൺസൺ
സിനിമ: മഴവിൽക്കാവടി

ഹരിത കെ.
സ്വാതി സെൻട്രൽ സ്കൂൾ
വാണിയംകുളം, പാലക്കാട്

ഇത് അതിശയം തന്നെ

# അവിശ്വസനീയ ബുദ്ധി




വിസ്മയലോകമായ കടലിലെ ബുദ്ധിജീവിയാണ് നീരാളി. ശ്രദ്ധേയമായ പ്രശ്നപരിഹാരവൈദഗ്ധ്യവും ഓർമശക്തിയും പ്രകടിപ്പിക്കുന്ന ജീവികളാണിവ. സ്വന്തം വാസസ്ഥലങ്ങൾ നിർമിക്കുന്നതിന് നീരാളികൾ ഷെല്ലുകൾ ശേഖരിക്കുന്നു. ശരീരഭാഷയിലൂടെയും വർണമാറ്റങ്ങളിലൂടെയും ശബ്ദസിഗ്നലുകൾ വഴിയും നീരാളികൾ പരസ്പരം ആശയവിനിമയം നടത്തുന്നു. അവർ ഷെല്ലുകൾ ഉപയോഗിച്ച് കളിക്കാറുമുണ്ട്. വേട്ടക്കാരിൽനിന്ന് ഒളിക്കാൻവേണ്ടി നീരാളികൾ മറ്റ് കടൽജീവികളെ അനുകരിക്കും. നീരാളികൾക്ക് വളരെ വിസ്തീർണമുള്ള മസ്തിഷ്കമുണ്ട്. വലിയൊരുഭാഗം ന്യൂറോണുകൾ കൈകളിലാണ് കാണപ്പെടുന്നത്. എന്നാൽ കേന്ദ്ര മസ്തിഷ്കത്തിന് സ്വതന്ത്രമായി പ്രവർത്തിക്കാൻസാധിക്കും. നീരാളികളുടെ ഈ കൗതുകകരമായ ബുദ്ധി ഭൂമിയിലെ ജീവിവൈവിധ്യത്തെ വെളിപ്പെടുത്തുന്നു.

റോഹൻ സിജു
സെൻറ് തെരേസാസ് എച്ച്.എസ്.എസ്.
വാഴപ്പള്ളി, കോട്ടയം

# പാമ്പുകൾക്ക് ചെവിയുണ്ടോ?

**പാ**മ്പുകൾക്ക് ബാഹ്യകർണങ്ങളില്ല, പക്ഷേ, അവയ്ക്ക് ശബ്ദതരംഗങ്ങൾ കണ്ടെത്താൻ അനുവദിക്കുന്ന ഒരു ആന്തരികകർണമുണ്ട്. അകത്തെ ഈ ചെവിയുമായി ബന്ധിപ്പിച്ചിരിക്കുന്ന താടിയെല്ലുകളിലൂടെ ഭൂഗർഭസ്പന്ദനങ്ങൾ സ്വീകരിച്ചാണ് പാമ്പുകൾ ശബ്ദം തിരിച്ചറിയുന്നത്. മനുഷ്യർക്കും ബാഹ്യകർണങ്ങളുള്ള മറ്റ് മൃഗങ്ങൾക്കും കഴിയുന്നതുപോലെ വായുവിലൂടെയുള്ള ശബ്ദങ്ങൾ കേൾക്കാൻ പാമ്പുകൾക്ക് കഴിയില്ല. എന്നാൽ ഇരയുടെയോ വേട്ടക്കാരുടെയോ ചലനങ്ങളും സ്പന്ദനങ്ങളും ഒക്കെ മനസ്സിലാക്കാൻ പാമ്പുകൾക്ക് കഴിയും. ഭൂമിയിലൂടെയോ മറ്റ് പ്രതലങ്ങളിലൂടെയോ സഞ്ചരിക്കുന്ന താഴ്ന്ന ആവൃത്തിയിലുള്ള വൈബ്രേഷനുകൾ നന്നായി തിരിച്ചറിയാൻ പാമ്പുകൾക്ക് മിടുക്കുണ്ട്. ഈ കഴിവാണ് ഇരയെ കണ്ടെത്താനും ട്രാക്ക്ചെയ്യാനും പാമ്പുകളെ ഏറ്റവും സഹായിക്കുന്നത്.




റാണി കൃഷ്ണ വി.കെ.
സീഡ് കോഡിനേറ്റർ
ശബരിഗിരി ഇംഗ്ലീഷ് സ്കൂൾ
അഞ്ചൽ, കൊല്ലം

# ജനം ജലം കാക്കണം

ഗുരുതരമായ പരിസ്ഥിതിപ്രശ്നങ്ങളിലൊന്നാണ് ജലമലിനീകരണം. വ്യവസായശാലകളിൽ നിന്നുള്ള മാലിന്യങ്ങളും മലിനജലവും നദികളെയും മറ്റ് ജലസ്രോതസ്സുകളെയും മലിനമാക്കിക്കൊണ്ടിരിക്കുന്നു. പാഴ്‌വസ്തുക്കൾ, പ്ലാസ്റ്റിക് കുപ്പികൾ തുടങ്ങിയവ വലിച്ചെറിയുന്നതും മലിനീകരണത്തോത് കൂട്ടുന്നു. നമ്മളെ ഏറെ ഞെട്ടിച്ച ഒരു വാർത്തയായിരുന്നു തിരുവനന്തപുരത്ത് ആമയിഴഞ്ചാൻ തോട്ടിൽ ഒരാൾ വീണ് മരിച്ച അപകടം. മാലിന്യങ്ങൾ കുന്നുകൂടിയതുകാരണം രക്ഷാപ്രവർത്തനം നടത്താൻകഴിയാതെ വിഷമിച്ചു. മാലിന്യ- പരിസ്ഥിതി പ്രശ്നങ്ങളിൽനിന്ന് നമ്മുടെ ഭൂമിയെ രക്ഷിക്കേണ്ടത് നാം ഓരോരുത്തരുടെയും കടമയാണ്. തിരുത്തൽനടപടികൾ സ്വീകരിച്ചില്ലെങ്കിൽ നമ്മുടെ ഭാവിതലമുറ വലിയ പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരും.





ജ്യൂവൽ ജി.എസ്.
ഗവ. മോഡൽ എച്ച്.എസ്. തിരുവല്ല
പത്തനംതിട്ട



പൂവറിവ്

# തുമ്പ

കേരളത്തിൽ സാധാരണമായി കണ്ടുവരുന്ന ഒരു സസ്യമാണ് തുമ്പ. ചെറിയ വെളുത്ത പൂക്കൾക്ക് പേരുകേട്ട ഈ ചെടി പരമ്പരാഗതവൈദ്യത്തിൽ പലപ്പോഴും ഉപയോഗിക്കുന്നു. ഓണാഘോഷങ്ങളിൽ പ്രധാനിയാണ് തുമ്പപ്പൂവ്. പരിശുദ്ധിയുടെയും ലാളിത്യത്തിന്റെയും പ്രതീകമാണിത്. തുമ്പ, കരിന്തുമ്പ, പെരുന്തുമ്പ എന്നിങ്ങനെ മൂന്നുതരത്തിൽ ഈ ചെടി കാണപ്പെടുന്നു. ജലദോഷം, നേത്രരോഗങ്ങൾ തുടങ്ങിയവയ്ക്ക് ഔഷധമായി തുമ്പ ഉപയോഗിക്കുന്നു.



മുഹമ്മദ് ഷാദ് ഹരീസ്
എം.ഇ.എസ്. സെൻട്രൽ സ്കൂൾ, പാലങ്ങാട്
കോഴിക്കോട്



# മോഹന വിപിനം

പച്ചപ്പുൽ നാമ്പുകൾ മന്ദമോതി,
എത്ര മനോഹരമെന്റെ കാട്!

കാട്ടുമൃഗങ്ങളോ ഓടിയെത്തി
കുഞ്ഞിക്കിളികൾ പറന്നുയർന്നു
കാനന മെത്രയോ കാന്തിയാർന്നു!

കാട്ടു പൂക്കൾക്ക് നാണമായി
കാട്ടുചോലയ്ക്ക് കൗതുകമായ്
ഞങ്ങളിലാർക്കാണ് ചന്തമെന്ന്!

എങ്ങുനിന്നെങ്ങുനിന്നീയഴക്,
ആനന്ദമേകുന്നു ഈ വിപിനം!

വരദ ആർ.
മണ്ണാറശാല യു.പി.എസ്.
ഹരിപ്പാട്, ആലപ്പുഴ

# അമ്മയുടെ അരികിലേക്ക്...

അതിരാവിലെ ഉണർന്ന് പുറത്തേക്ക് നോക്കി ഉമ്മറത്തിരിക്കുകയായിരുന്നു ഞാൻ. നെഞ്ച് പിടയുന്നുണ്ട്, കണ്ണ് നിറയുന്നുമുണ്ട്. എന്താണിങ്ങനെയെന്ന് വീണ്ടും ആലോചിച്ചു. ഏറ്റവുമടുത്ത ചങ്ങാതിമാരാണ് ചെടികളും മരങ്ങളും. എന്നും രാവിലെ എഴുന്നേറ്റ് ഇങ്ങനെ പ്രകൃതിയെ നോക്കിയിരിക്കും. പിന്നെ തൊടിയിലേക്ക് ഇറങ്ങും. അവിടെ പുഞ്ചിരിക്കാനും വരവേൽക്കാനും ഒത്തിരിപ്പേരുണ്ട്. കിളിയും ചെടിയും അണ്ണാറക്കണ്ണനുമൊക്കെ. അവരെ കണ്ടില്ലെങ്കിലും അവരോട് സംസാരിച്ചില്ലെങ്കിലും വലിയ സങ്കടമാണ്.



നമുക്ക് പല ആവശ്യങ്ങളുമുണ്ട്, അതിനൊക്കെ നമ്മൾ മരങ്ങൾ മുറിക്കും. എന്തുകൊണ്ടാണ് അതിനുപകരം മറ്റൊരു തൈ നടാത്തത്? ഭൂമിയെന്ന അമ്മയിൽനിന്ന് മക്കളായ വൃക്ഷങ്ങളെ മുറിച്ചുമാറ്റുന്നത് എന്തൊരു സങ്കടമാണ്. എനിക്കൊരിക്കലും എന്റെ അമ്മയെ പിരിഞ്ഞിരിക്കാൻപറ്റില്ല. പിന്നെ അധികം ആലോചിച്ചില്ല, വേഗം മരങ്ങൾക്കിടയിലേക്ക് ഇറങ്ങി നടന്നു.

അനുഭവ് എം.
ചിന്മയ വിദ്യാലയം
കാഞ്ഞങ്ങാട്, കാസർകോട്

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

# മാതൃഭൂമി ആകാശപ്പച്ച

ആകാശപ്പച്ചയിലേക്കുള്ള
രചനകളും നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട്
സംസാരിക്കാം.

**വേനൽക്കാലത്താണ്
മഴയെക്കുറിച്ച്
സംസാരിക്കേണ്ടത്;
മഴക്കാലത്ത്
വേനലിനെക്കുറിച്ചും!**



Published by Mathrubhumi Seed